സെന്റ് ഫിലോമിനാസ് ജി എച് എസ്, പൂന്തുറ



# ആശംസ



സർഗാത്മകത ദൈവികമാണ്. അതിന്റെ പ്രകാശരേണുക്കൾ സ്പർശിക്കുന്നവരിൽ ക്രിയാത്മകതയുടെ പച്ചപ്പ് വിടരുന്നു. ഭാഷ ഏതുമാകട്ടെ അക്ഷരങ്ങളുടെ വിസ്മയഭാവങ്ങൾ എക്കാലവും , ഏവരേയും ആകർഷിക്കുന്നു.

തൂലിക ഏടുകൾ വിടരുമ്പോൾ അവിടെ ദൃശ്യമാകുന്ന കുരുന്നുകളുടെ സൃഷ്ടിവൈഭവം ഏറെ പ്രശംസനിയം തന്നെയാണ് ഇതിന്റെ പിന്നണിയിൽ പ്രവർത്തിച്ച അദ്ധ്യാപകർ പകർന്നു നൽകിയ നേതൃത്വപാടവവും,സംഘടനാമികവും, കുട്ടികളുടെ അശ്രാന്ത പരിശ്രമവും, സഹകരണമനസ്ഥിതിയും ഈ ഡിജിറ്റൽ മാഗസിനെ വർണ്ണാഭയുള്ളതാക്കി മാറ്റി. അഭിനന്ദനങ്ങളും, ആശംസകളും ഏറെ ഹൃദ്യമായി നേരുന്നു.

ഹെഡ്മിസ്ട്രസ്

# BEHIND THE SCENES


## Publisher
Sr Siji V T
Headmistress St. Philomena’s GHS Poonthura

## Editorial Team
Nourin S
Aaziya Mol R R
Afiya B R
Sidhana E T

## General Assistance
Meena Joseph
Shareena E T

## Printing
Nourin
Asiya M
Shahana
Asiya N
Asiya N
Aaziya N
Nasrin
Afrin Jahan
Nasweeha
Anjana
Raihana
Swalihath
Afiya B R
Lavanya
Sidhana Sameer
Ashwathy C S
Joshna

# ഉൾപ്പേജുകളിലൂടെ

5. BEAUTIFUL NATURE

6. A CHANGE

8. MY AMBITION IN LIFE

9 വരകളിലൂടെ

10.വസന്തകാലം

11.സ്നേഹ സൗഹൃദം

12.മറന്നു വച്ച സമ്മാനം

14 .ചിലപ്പോൾ അടുത്തയാൾ ഞാനുമാകും

15.എന്റെ പ്രകൃതി

16.അപ്പൻ

17.ഗ്രാമത്തിലെ ഉത്സവം

18.നല്ലൊരു ഉത്സവം

19. സാത്വിക സ്നേഹം

# Beautiful nature

*Nature is so beautiful*
*Birds are flying on the sky*
*Nature has so many trees*
*Nature has so many plants*
*So many flowers and so many butterflies*
*Trees are flying on wind*
*So beautiful nature*
*Birds are singing song's*
*Birds are so beautiful*
*Nature is green in colour*
*Tree's give fruits and oxygen*
*Sky are  blue in colour*
*There are so beautiful*
*Nature is so beautiful*



*The sun is giving light, the light is so strong*
*Birds are playing on the sky*
*Nature is so beautiful*
*Wind is so cool*
*Tree's gives so fresh air*
*Tree's gives fresh oxygen*
*Sea is so beautiful*
*Sea is so cool*
*Sea sand is so beautiful*
*Nature have ponds, rivers, seas and lakes*
*Crow is making sounds*
*Parrot is singing song's*
*Nature is so lovely*
*Nature is so beautiful*

# A CHANGE



YOU,
I CAME HOME TO ROSES!
TO PUT UP WITH THE BIZARRE CHANGE!
BRACE YOUR SELF FOR THE NEW CHANGE!
TO 'BLARING' SILENT THOUGHT OF THE NEW CHANGE!

UNTIL NOW I CRUISE DOWN ?
THROUGH THE AMID OF THOUGHTS?
LIKE THE STREAM SURVIVE?
THE BLOCK'S THROUGH THE WAY?

TO PUT UP WITH THE BIZARRE CHANGE,
I WALK DOWN AND MAKE OUT THROUGH,
THE NATURE'S CHANGES.
HOW BEAUTIFUL,HOW WONDERFUL.

GOD GIVEN US THE EXTREME "POWER"
TO PUT UP WITH THE NEW 'CHANGE'
LIKE A "CHAMELEON"
TO WALK THROUGH VALLEY "TRUTH"

DOES THIS WORLD END'S ONE DAY?
CAN WE HOPE A CHANGE FROM YOU?
I KNOW IT'S IMPOSSIBLE,BUT ONE DAY?
YOU MAKE IT POSSIBLE ,I HOPE?

I'M TALKING ABOUT YOU (IT'S YOU)
YOU NEED TO MAKE A CHANGE?

I HAVE ONLY ONE QUESTION.
CAN I HOPE 'A CHANGE'

WHEN THE GOD CREATED US,
HE BLESSED US WITH THE DIVINE OF HIS,
TO MAKE A CHANGE,
THEN WHY WE DONT.

THE CASTE,THE RELIGION,ALL OF THIS SPARK
YES!I'M TALKING ABOUT YOU.
I WANT TO TIE MY EYES TIGHTLY
UNTIL I SEE A CHANGE FROM You!(you)

HOW MANY POOR PEOPLE VANISH FROM THE SIGHT?
'BECAUSE OF YOU'. 'ONLY YOU'.
I'M AFRAID TO SPEAK THE TRUTH.
BUT ONE DAY! ONE WILL!MAKE A CHANGE.

I WANT TO BE RICH,
WITH THE LOVE,CARE AND MORE....
BUT YOU MADE IT IMPOSSIBLE.
THEN HOW I WOULD LOVE YOU.

TO PUT UP WITH THE NEW CHANGE!
DOES I NEED TO GROW MORE......
I NEED TO SEE 'A CHANGE'
FROM YOU.

YOU MEANS,THE BLANKS ONE,THE LOWER CASTE,THE UPPER CASTE.
THE INDIAN, THE AFRICAN,THE LANGUAGE.
THE POOREST THE RICHEST....IT WILL NOT END IN THIS BLINDFOLDED
WORLD.

BRACE YOURSELF FOR THE NEW CHANGE.
ONE DAY ALL THE 'YOU' MAYBE VANISH FROM SIGHT.
WHAT I CAN HOPE. ONLY 'A CHANGE'

AVANI MR

# MY AMBITION IN LIFE...

**How fast the time changes!From dreaming of being a super hero to dreaming something purposeful. Ambition is something you want to be from the bottom of your heart, something meaningful and cheerful. Its not like the whole world have the same taste in things. Some want to be police, doctor, teacher, engineer etc............**

**To me, its different. I personally think I am different. Not in looks, talents or things like that but in soul. Sometimes I dream of poor's happiness that makes my heart go fast with joy.**

**When I was young, my aunt said to me by seeing me argue with my brothers with valid points, she touched my shoulder and said 'you are different' I don't think any six year old have the ability of this speaking facts like a lawyer ! You will know in the future she said by looking straight in my eyes.**

**To me, that was a core memory. I didn't want to forget. That six year old girl didn't knew the meaning of a lawyer. Time went too fast and that little girl know writing about her ambition to be a lawyer. Five years from now on I think I want to be a lawyer. Not because my aunt said so, but because I think I'm capable of it. I want to help and fight for the people surviving this injustice country.**

**An other reason for my ambition is because of my family. It's been years since we are living can't say living just say surviving near.**

**An unhygienic filthy river. The government of our country India is too careless for the things like this. Now, its officially a suicide spot for teens who are in depression. Just imagine how filthy that river is? People's digestive wastes are also in that river. It too much of others happiness..... may dreams will turn into reality....**

**I surely will........**

**Swalihath Suhra S**

**IX A**







**ANNA DENSON VI A**

**SAJITHA VI C**






**Hana fathima N** **Hafna S VIII C**

# വസന്ത കാലം



വസന്ത കാലം വന്നല്ലോ
എല്ലാ പൂക്കളും വിടർന്നല്ലോ
ചെടികളും മരങ്ങളും വളരുമ്പോൾ
പഴങ്ങൾ തിന്ന് രസിച്ചീടാം

പൂമ്പാറ്റകൾ തേനൂറുമ്പോഴും
ചെടികൾ കാറ്റിലാടുമ്പോഴും
പക്ഷികൾ പാറിപ്പറക്കുമ്പോഴും
എന്താ സുന്ദരം ഭൂമിക്ക്

തത്തയും മൈനയും പറക്കുമ്പോൾ
വീണ്ടും ഭംഗി കൂടുന്നു
കുളത്തിൽ മീനും ആമയും
വീണ്ടും മനോഹരം കൂട്ടുന്നു

Hasna Beegum
**IV B**

# കഥ

# സ്നേഹസൗഹൃദം

സ്കൂൾ വിദ്യാഭ്യാസക്കാലത്തും അല്ലാതെയും എല്ലാവരേയും സഹായിക്കുക. അതിലൂടെ ദൈവത്തിൻെറ കൃപയും നല്ലതും നമുക്ക് ലഭിക്കും സ്കൂളിൽ പഠിക്കുന്ന രണ്ട് കുട്ടികളുടെ കഥയാണ് ഇത്.

ഒരു ഗ്രാമത്തിലെ രണ്ട് കുട്ടികളാണ് നീനവും മീനവും. നീന വലിയ സമ്പന്ന വീട്ടിലെ കുട്ടിയാണ്. എന്നാൽ മീന പാവപ്പെട്ട കുടുംബത്തിലെയും. ഇവർ ഒരേ സ്കൂളിലാണ് പടിക്കുന്നത്. നീന സന്തോഷത്തിന്റെ ഉറവിടം തേടി അലയുകയാണ്. അതുകൊണ്ട്തന്നെ അവൾക്ക് ചെറിയ അസൂയയും ഉണ്ട്. എന്നാൽ മീന ദാരിദ്ര്യത്തിൻെറ വക്കിൽ കിടന്ന് കഷ്ടപ്പെട്ട് പഠിക്കുന്നു. പക്ഷെ അവൾ സന്തോഷവതിയാണ്. അതിൽ സംതൃപ്തിപെടുകയും ചെയ്യുന്നു. നീന ഒരിക്കൽ പുഴയരിവിൽ നിന്ന് കളിക്കുകയായിരുന്നു **ഠപെ! അയ്യോ....** നീന..... കാല് തെറ്റി വെള്ളത്തിൽ പോയി. എല്ലാവരും അലറുന്ന ശബ്ദം കെട്ട മീന കാര്യം തിരക്കി തന്റെ സഹപാഠിയാണ് വെള്ളത്തിൽ പോയത് എന്ന് അവൾക്ക് മനസ്സിലായി.നീന എല്ലാവരോടും ക്രൂരത കാട്ടുനവളാണ്. **രക്ഷിണോ?..** എന്നോനെ അവൾ ചിന്തിച്ചില്ല. അവൾ വെള്ളത്തിലെക്ക് എടുത്ത് ചാടി. നീന നന്നായി നീന്തും,വരക്കും,കഥ എഴുതും പടിക്കും നല്ലോരു മിടുക്കികുട്ടിയായിരുന്നു അവൾ നീനവിനെ രക്ഷിച്ചു. നീനവിനു നീന്തൻ അറിയില്ല അതുകൊണ്ട്തന്നെ അവൾ ക്ഷീണിച്ചിരുന്നു. അന്നെല്ലാവരും നീന ഉൾപ്പെടെ മീനവിനോട് നന്ദി ചൊല്ലി. അന്ന് നീനിവിന് ഒര് കാര്യം മനസ്സിലായി. യഥാർത്ഥ സന്തോഷം മറ്റുള്ളവരെ സഹായിക്കുമ്പോൾ കിട്ടും എന്ന്. അത് അവൾക്ക് പകർന്ന് കൊടുത്തത് മീനവിന്റെ പുഞ്ചിരിയിലൂടെയാണ്.

മറ്റുള്ളവരെ സഹായിക്കുമ്പോൾ മനസ്സിന് സംതൃപ്തിയും സന്തോഷവും ലഭിക്കും പക്ഷെ മനസ്സിന് കുളിർമ്മ ഏകുന്ന സ് നേഹവും സന്തോഷവും മറ്റുള്ളവരെ സഹായിക്കുന്നതിൽ നിന്നെ കിട്ടുകയുള്ളു

**ഗുണപാഠം:- മറ്റുള്ളവരെ സഹായിക്കുക**

# മറന്നു വച്ച സമ്മാനം

## അച്ഛന്റെ സമ്മാനം

ഇന്ന് മാളുവിന്റെ ജന്മദിനമാണ്.കിളികളുടെ,മധുരമായ ശബ്ദം കേട്ട് അവൾ കണ്ണുകൾ തിരുമി അമ്മ അടുക്കളയിൽ വച്ച കിണ്ണത്തിൽ വെള്ളമെടുത്ത് അവള് മുഖം കഴുകി . അവള് മുറ്റത്തേക്ക്  ഇറങ്ങി ചെന്നു . നേരം പരപരാന്ന്  വെളുക്കുന്നതെ ഉള്ളു.അവള് സന്തോഷത്തോടെ അഛ്ചന്റെ അരികില് ചെന്നു . അഛ്ചന് അവള് കണ്ട് ഒരു ചെറിയ പുഞ്ചിരിച്ചുകൊണ്ട് ചോദിച്ചു .അഛ്ചന്റ അവളെ കണ്ട് ഒരു ചെറിയ പുഞ്ചിരിയോടെ മാളുവിനെ പുണ    എന്റെ മാളുവിന് അഛ്ചന്റ ജന്മാദിന ആശംസകള് മാളൂ  പൂഞ്ചിരിച്ചുകൊണ്ട് ചോദിച്ചു അചഛന്  എനിക്ക് എന്ത് സമ്മാനമാണ് കരുതിയിരിക്കുന്നത് മാളു എന്തെന്നില്ലാത്ത സന്തോഷത്തോഷടെ അത്  കേൾക്കാൻ ചെവി കോർത്തിരുന്നു. പക്ഷ  അച്ഛൻ ഒന്നും മിണ്ടാതെ അകത്തെയ്ക്കു പേയി. മാളുവിന് ഒത്തിരി സങ്കടം തോന്നി പെട്ടെന്ന് മാളു മനസ്സിൽ പറഞ്ഞു, ഞാൻ ചോദിച്ചത് തെറ്റാണോ? ഒരു ആകാമക്ഷയോടെ ചോദിച്ചുപ്പോയി. അച്ചനോട് ചെന്ന് മാപ്പ് പറഞ്ഞാല്ലോ വേണ്ട അച്ഛൻ തിരക്കിലാകും.



മാളു മുറ്റത്ത് നിന്ന് കളിച്ചു കൊണ്ടിരിക്കുമ്പോൾ അവളുടെ കൂട്ടുകാരി വന്നു."ജന്മദിന ആശംസകൾ എന്റെ പ്രിയകൂട്ടുകാരി ഇതാ  ഇത് നിന്നക്കാ."

" ഹായ് എന്തു രസമുള്ള വസ്ത്രം എനിക്ക് ഇഷ്ടപ്പെട്ടു.നിറം എനിക്ക് ഒത്തിരി ഇഷ്ടമായി.മാളു പറഞ്ഞു. ഇതൊക്കെ വാങ്ങാൻ നിനക്ക് ഇവിടെന്നാണ് പൈസ? എനിക്ക് എന്റെ അച്ഛൻ തന്നു.അച്ഛൻ ഞാൻ  എന്തു ചോദിച്ചാലും വാങ്ങി തരും.നിന്റെ അച്ഛനും അമ്മയും എന്തു സമ്മാനമാണ് കരുതിയത്? മാളു ഒന്നും പറഞ്ഞില്ല.അവൾ ഒന്നും മിണ്ടിയില്ല.

എന്നാൽ ഞാൻ ഇറങ്ങട്ടെ നിന്റെ അമ്മ എവിടെപ്പോയി.അമ്മ പച്ചക്കറിവാങ്ങാൻപ്പോയി ഇപ്പോൾ വരും അപ്പോൾ നീ ഒറ്റയക്കാണോ? അല്ല അച്ഛൻ അപ്പുറത്തെ വീട്ടിൽ ആണ് പണി .അതുകൊണ്ട് ഭക്ഷണം കഴിക്കാൻ വരും . എന്നാൽ ശരി . നാളെ സ്കൂളിൽ മിഠായി കൊണ്ട് വരണം .
തീർച്ചയായും അത് അവൾക്ക് ഒരു ഉറപ്പില്ലായിരുന്നു .അവൾ മുറ്റത്തെ മാവിൽ നോക്കി പറഞ്ഞു .എത്ര നാളായി ഞാൻ ആഗ്രഹിക്കുന്ന ഒരു പ്രാവെങ്കിലും ഇതിൽ വന്ന് ഇരിക്കാൻ ഞാൻ എത്ര ആഗ്രഹിച്ചു.എന്തു മാത്രമാണ് മാങ്ങ കുലച്ചു നിൽക്കുന്നത്. കല്ല് എറിഞ്ഞാൽ അത് എന്റെ തലയിൽ തന്നെ വീഴും അത് പറയാൻ കാരണം ഇതേപോലെ അന്ന് വഴിയിൽ ഞാൻ കല്ല് എറിഞ്ഞപ്പോൾ എന്റെ തലയിൽ വീണത് ഞാൻ ഒരിക്കലും മറക്കില്ല . അങ്ങനെ ഉച്ചവരാറായി അമ്മ അടുക്കളയിൽ നല്ല തിരക്കിലായിരുന്നു . മാളു അടുക്കളയിൽ പോയില്ല, കാരണം അടുക്കളയിൽ പോയാൽ അമ്മ ദേഷ്യപ്പെടും. ജോലിചെയ്യുന്ന സമയത്ത് അമ്മ ആ ഒരു കാര്യത്തിൽ നല്ല ശ്രദ്ദയായിരിക്കും അതുപോലെ കഴിക്കുന്ന ഭക്ഷണത്തിനും നല്ല സ്വാദായിരിക്കും.എന്റെ ജന്മദിനത്തിന് അമ്മ പലപല കറികളും പലഹാരങ്ങളും വെച്ചുതരും.
പുറത്തുചെന്നില്ലെങ്കിലും കുഴപ്പമില്ല കാരണം അമ്മയോട് എ ന്ത് പറഞ്ഞാലും അമ്മ വച്ചുതരും . അങ്ങനെ ഇരിക്കെ ഞാൻ അമ്മയുടെ പലപല വിഭവങ്ങൾ കഴിച്ച് കിടപ്പുമുറിയിൽപോയി .മാളു ഒന്നു കിടക്കാനെ തീരുമാനിച്ചുള്ളൂ പക്ഷെ മാളുവിന്റെ കണ്ണുകൾ മാളു പോലും അറിയാതെ അടഞ്ഞുപ്പോയി .വൈയ്കുന്നേരം ആയപ്പോൾ അമ്മ അവളെ തട്ടി ഉണർത്തി .

മാളു കണ്ണ് തുറക്കു .എന്നിട്ട് പു്റത്തേക്ക് വരു .നിനക്ക് വേണ്ടി ഒരു സമ്മാനം ഉണ്ട് ..
മാളു പുറത്തേക്ക് കണ്ണു തിരുമി തിരുമി വന്നു .പെട്ടെന്ന്  മാളുവിന്റെ അടുത്തുകൂടെ ആരോ പറന്നുപോകുന്നതുപോലെതോന്നി . അവൾ പെട്ടെന്ന് കണ്ണുകൾ തുറന്നു .നിറച്ചുപ്രാവുകൾ,അതും മാളു ആഗ്രഹിച്ച മാവിൻ കൊമ്പുകളിൽ അവൾക്ക് വിശ്വസിക്കാൻ ആയില്ല . അച്ഛൻ പെട്ടെന്ന് അവളുടെ അരികത്ത് ചെന്നു പറഞ്ഞു:
മാളു പറയുമ്പോൾ എനിക്ക് എങ്ങനെ സമ്മാനം തരാതിരിക്കാൻ കഴിയും .അവളുടെ കണ്ണുകൾ നിറഞ്ഞു അച്ഛനെ ഓടിച്ചെന്ന് കെട്ടി പിടിച്ചു .
' ഈ സമ്മാനം എനിക്ക് ഒരിക്കലും മറക്കാനാവാത്ത ഒന്നാണ്.’
അവൾ സ്കൂളിൽ പോയി അച്ഛൻ തനിക്ക് തന്ന സമ്മാനത്തെക്കുറിച്ച് പറഞ്ഞ് അവൾ സന്തോഷിച്ചു .

ഈ കഥയിൽ അച്ഛന്റെ സ്നേഹവും വാത്സല്യവുമാണ് പറയുന്നത്.

# ചിലപ്പോൾ അടുത്തയാൾ ഞാനുമാകും



മറയുകയാണോ ഗുരു
അങ്ങിന്നകലുകയാണോ...
കണ്ണിമ വെട്ടാതെ ഞാൻ പ്രതീക്ഷിച്ചത്
വെറുതെയോ...
കണ്ണീർ പൊഴിച്ചത് ഇതിനൊ...
ഗുരുവായ് സുഹൃത്തായ്
സൗഹൃദലഹരിയിൽ
ഒരുമിച്ചത് ഇന്നോർമയോ...
മായുന്നില്ല ഗുരു നിൻമുഖം എന്നുള്ളിൽ
നീറുന്നു ഗുരു നിൻ പുഞ്ചിരിയാൽ
എന്നുള്ളം...
വേദനിച്ചോ അങ്ങ് ശരീരം
വെടിയുമ്പോൾ
ഇല്ലാ....ഇതിനേക്കാൾ വേദന
സഹിച്ചതാണല്ലോ..
ഒറ്റയ്ക്കായിപോയെന്ന് തോന്നുന്നുണ്ടോ അങ്ങ്
കൂട്ടിനായ് പ്രാർഥന തന്നേയ്ക്കാം....
ചിലപ്പോൾ അടുത്തയാൾ ഞാനുമാകും.....

# എന്റെ പ്രകൃതി

*എന്റെ പ്രകൃതി എന്തു നല്ല ശോഭം*
*എന്റെ വീട്ടിന്റെ മുറ്റത്ത് നിൽക്കും*
*പൂക്കളെ കാണാൻ എന്തു ചന്തം*
*വാനിൻ മുകളിൽ നിൽക്കും  കാർമുകിൽ*
*എന്തു മനോഹരം .........*
*പ്രഭാതമായാൽ മരക്കൊമ്പിൻ സംഗീതം കേൾക്കാം*
*വീട്ടിൻ മുറ്റത്ത് പനിനീർച്ചെടിയെ*
*കണ്ണും നട്ട് നോക്കാൻ എന്തു രസം*
*കാർമുകിൽ പെയ്യുമ്പോൾ എൻ സ്നാനം*
*അതിലെ പൊകും എൻ വീട്ടിൻ പുറകിൽ*
*പൂന്തോട്ടമുണ്ട് എന്നു പറയും  സൂര്യഗാന്ധി,*
*അങ്ങനെ പലപല പൂക്കളുണ്ടല്ലേ*
***എന്തു നല്ല പ്രകൃതി .....***

# അപ്പൻ

കണ്ണീർ പൊഴിയുന്നാസ്യത്തിലൂടെ
കരയുന്നൊരപ്പൻ നെഞ്ചുപ്പൊട്ടിയിതാ-
വിതുമ്പുന്നിന്നൊരു കുഞ്ഞുകണക്കയെ
തിരക്കിൻ തേനീച്ചക്കൂട്ടം ചോദിക്കുന്നിതാ
ഇതിനുകാരണമായതാരെടോ?
പിഞ്ചുകൈത്തടം പൊൻതണ്ടുപ്പോലെ
പ്പിടിച്ചു, പിച്ചവെയ്ക്കുവാൻ പഠിപ്പി-
ച്ചൊരു പൂമലർ മകളിതിന്നയ്യോ!
ചെറുതളിരിളം കുരുന്നായിരുന്നവ-
ളെൻ മാറിടം തൻചൂടിൽ നിദ്ര മയങ്ങി,



പിച്ചവച്ചതെൻ കൈകളാൽ
മുത്തംവച്ചതെൻ കവിളുകളിൽ
മാറിയവളെന്നോ ചെറുമൊട്ടായി
മറന്നതെന്തെയവളിന്നവളുടെ-
യോമന അപ്പനെ,
കുറ്റമതുയെന്തുചെയ്തു, ഞാൻ
പറയൂ മകളെ, പോയതെന്തു നീ
നിന്റെ കുഞ്ഞു പാവാടകളിന്നു
നിൻ ഓമനച്ചിരിയെന്നിൽ സ്മരിപ്പിച്ചു
എന്തു, നീ പറയുന്നുവിന്നു - നീ

നിന്നെ ഞാൻ വിസ്മരിപ്പാനോ?
ആവില്ലെനിക്കന്ത്യശ്വാസം
വരെ മകളേ,
ഞാൻ നിന്റെ അപ്പനല്ലേ.

Gokila. R. R
X.C

# ഗ്രാമത്തിലെ ഉത്സവം

ഒരിക്കൽ ഒരു ഗ്രാമത്തിൽ ഉത്സവമായിരുന്നു. അവിടെയുള്ള ആളുകള്ക്ക് വളരെ സന്തോഷമായിരുന്നു.അവിടെ നല്ല ഭംഗിയായിട്ട് അലംഗരിച്ചിരുന്നു.കുറച്ച് നേരമായപ്പോഴേക്കും അവിടെ ഒരു ആന എത്തി അതിന് മുകളിൽ ഒരാളും. കുട്ടികൾക്കും മുതിർന്നവർക്കും സന്തോഷമായി.ആന അവിടെ നിന്ന് പോയി.ചിലവർ മാത്രമേ ഉണ്ടായിരുന്നുള്ളൂ.ഉത്സവം കഴിഞ്ഞപ്പോൾ അവിടെ ആരും ഉണ്ടായിരുന്നില്ല. എല്ലാവരും വീട്ടിൽ വരാത്തവരോട് പറഞ്ഞു,അവർക്കും സന്തോഷമായി. എങ്കിലും ചിലവർക്ക് ഉത്സവം കഴിഞ്ഞത്കൊണ്ട് സങ്കടമുണ്ടായിരുന്നു. അടുത്ത ദിവസം ആയപ്പോൾ അവിടെ അലങ്കാരമുണ്ടായിരുന്നില്ല. അമ്മു എന്ന് പറയുന്ന  കുട്ടിയും മിന്നു എന്ന് പറയുന്ന കുട്ടിയും അത് കണ്ട് ഇന്നലത്തെ ഉത്സവം ഓർത്തു

Hasna Beegum
4 B

# നല്ലൊരു ഉത്സവം

ഒരിക്കൽ ഒരു മഴയുള്ള ദിവസം അപ്പുവും കൂട്ടുകാരും ഉത്സവത്തിന് പോകുവാൻ തയാറാവുകയായിരുന്നു. അപ്പു പറഞ്ഞു ഇപ്പോൾ പുറത്ത് മഴയാണ് കുടയും ചൂടി നമ്മുക്ക് ഉത്സവത്തിന് പോകാം. അവർ തയ്യാറായി എന്നിട്ട് അവർ കുടയുമായി ഉത്സവത്തിനു പോയി. ഉത്സവം ഒരു അമ്പലത്തിലായിരുന്നു. അവർ അമ്പലത്തിൽ എത്തി. അവിടെ അവർ കണ്ട കാഴ്ച വളരെ മനോഹരമായിരുന്നു. ഒരുപാട് റൈഡ്സും മിഠായികളും ഉണ്ടായിരുന്നു. മഴയപ്പോൾ തീർന്നതിനാൽ അവർ ഒരുപാട് കളിച്ചു. അങ്ങനെ ഉത്സവം കഴിഞ്ഞു. എന്നിട്ട് അപ്പുവും കൂട്ടുകാരും തിരിച്ചു വീട്ടിലേക്ക് നടന്നു. അവർ വീട്ടിലെത്തി എല്ലാ കാര്യങ്ങളും അവരവരുടെ മാതാപിതാക്കളോട് പറഞ്ഞു. എന്നിട്ട് ഉത്സവത്തിന്റെ കാര്യം ഓർത്ത് സന്തോഷിച്ചു.

Hiba Aayisha
IV C

# സാത്വിക സ്നേഹം



അന്ന് അവൾ സ്കൂളിൽ പോയില്ല. മുറിയിൽ വെളിച്ചമിടാതെ അവൾ എന്തോ ആലോചിച്ചുക്കൊണ്ടിരിക്കുമ്പോൾ സിസ്റ്ററാന്റി വന്നു കാര്യം  തിരക്കി. എന്തു പറ്റി ദിയ? സുഖമില്ലേ? അവളൊന്നും മിണ്ടാതെ സിസ്റ്ററാന്റിയെ ഒന്നു നോക്കുക മാത്രം ചെയ്തു. അവളുടെ മുഖത്ത് പറഞ്ഞറിയിക്കാൻ ആവാത്തവിധം ഒരു വിഷാദ ഭാവമുണ്ടായിരുന്നു. സിസ്റ്ററാന്റി അവളുടെ കൈവെള്ള അമർത്തി പിടിച്ചുക്കൊണ്ട് പറഞ്ഞു മോളെ നിന്റെ മനസ്സൊന്നു തണുക്കുമ്പോൾ എന്റെയടുത്ത് വന്നാൽ മതി. എഴുന്നേറ്റ് പോകാനൊരുങ്ങിയ സിസറ്ററമ്മയെ അവൾ ബലമായി കെട്ടിപ്പിടിച്ചു കുറേ കരഞ്ഞു.

അത് അവളുടെ അമ്മയുടെ ഓർമ്മദിവസമായിരുന്നു. ആറ് വർഷങ്ങൾക്കു മുമ്പ് ഈ ദിവസമാണ് , തന്റെ അമ്മയുടെ ദേഹം വീട്ടുമുറിയിൽ തൂങ്ങിക്കിടക്കുന്നത് അവൾ കണ്ടത്.

**എന്തിനുവേണ്ടി ആയിരുന്നു അമ്മ അന്ന് അങ്ങനെ......? അത് ഓർത്ത് അവൾ വീണ്ടും ഏങ്ങിക്കരഞ്ഞു. അന്ന് അമ്മയുടെ അനുജത്തിയായ സിസ്റ്ററാന്റിയുടെ കൈപിടിച്ചു അവൾ കാരുണ്യ മഠത്തിലേക്ക് പോന്നതാണ്. അന്ന് ആ ആറുവയസ്സുകാരിക്ക് തന്റെ ചുറ്റും നടക്കുന്നതിനെ കുറിച്ച് ധാരണയുമില്ല. എന്നാലും ഒന്നറിയാം സ്കൂളുവിട്ട് വീട്ടിലേക്ക് ഓടിവരുമ്പോൾ വാരിയെടുക്കാനും ചോറുകൊടുക്കാനും ഇനി അമ്മയുണ്ടാവില്ല എന്ന്.**

**നേരം വൈകുനേരമായപ്പോൾ അവൾ സിസ്റ്ററാന്റിയുടെ മുറിയിലേക്കുപോയി. ഒരു കഷ്ണം തുണിയിൽ എന്തെക്കെയോ തുന്നിപ്പിടിച്ചുക്കൊണ്ടിരിക്കുകയായിരുന്നു. ഒരു ചിരിയോടെ സിസ്റ്ററാന്റി അവളെ അകത്ത് കയറാൻ ആംഗ്യം കാണിച്ചു. അകത്ത് കയറി അവൾ കട്ടിലിൽ ഇരുന്നു, അവളുടെ വരണ്ട കണ്ട്ഠത്തിൽ നിന്ന് വാക്കുകൾ പുറപ്പെട്ടു. എനിക്ക്എന്റെ അച്ഛനെ കണ്ടുപിടിക്കണം, സിസ്റ്ററാന്റി ഒരു ഞെട്ടലോടെ അവളുടെ നേരെ തിരിഞ്ഞു. തുന്നിക്കൊണ്ടിരുന്ന തുണിയിൽ നിന്ന് താനറിയാതെ കൈവിട്ടു.സിസ്റ്റിറാന്റി അവളെത്തന്നെ നോക്കിക്കൊണ്ടിരുന്നു അവൾ വീണ്ടും ആവർത്തിച്ചു എനിക്കെന്റെ അച്ഛനെ കാണണം. ആറു വർഷമായി ദിയ മോൾ തന്റെ കൂടെ മഠത്തിലാണ്. അമ്മയെ കുറിച്ചോർത്ത് ഇടക്കിടെ കരയുകയൊക്കെ ചെയ്യുമായിരുന്നെങ്കിലും ആദ്യമായാണ് അവൾ അച്ഛനെ കുറിച്ച് സംസാരിക്കുന്നത്. ദിയ മോൾക്ക് ഓർമ്മവെയ്ക്കുന്നതിനു മുൻപേ ഒരു കൃസ്തുമസിന് അവളെയും കൊണ്ട് കളിക്കാൻ പോയതായിരുന്നു അവളുടെ അച്ഛൻ. കൃസ്തുമസ്സ് ആയതുകൊണ്ട് ഒത്തിരി ആൾത്തിരക്കുണ്ടായിരുന്നു കടപ്പുറത്ത്. കണ്ണൊന്നു തെറ്റിയപ്പോഴേക്കും ദിയമോളെ കാണുന്നില്ല. ആ കുഞ്ഞ് നടക്കാൻ തുടങ്ങിയിട്ട് മാസങ്ങൾ ആയതെ ഉള്ളു. അവളുടെ അച്ഛൻ ഭ്രാന്തനെപ്പോലെ കുഞ്ഞിനെ അന്വേഷിച്ചു നടന്നു. ആകെയുള്ള മകളെ കാണാതാകുമ്പോഴുള്ള പരവേശം പറഞ്ഞറിക്കാനാവുമോ? നാട്ടുകാരെല്ലാം കാര്യമറിഞ്ഞ് ദിയമോൾക്കായ് തിരച്ചിൽ തുടങ്ങി. മകളില്ലാതെ വീട്ടിലേക്ക് തിരിച്ചുപ്പോകാനാകാതെ ഒരു ഭ്രാന്തനെപ്പോലെ അയാൾ നടന്നു.പിന്നെ ആളുകൾ തിരക്കുമ്പോൾ**

അയാളെയും കാണാനില്ല.  താൻ കാരണം തന്റെ മകളെ നഷ്ട്മായി എന്ന സങ്കടത്തിൽ ആകാം അയാൾ നാടുവിട്ടു. പിന്നെ അയാളെ ആരും കണ്ടിട്ടില്ല. സന്ധ്യയായപ്പോൾ ദിയമോളുടെ ദേഹം കടലിൽ നിന്നു  കണ്ടെത്തി. എല്ലാവരും മരിച്ചു എന്നു കരുതിയ ആ കുഞ്ഞ് രക്ഷപ്പെട്ടു. അന്ന് ആ സന്ധ്യയ്ക്കു കടപ്പുറത്ത് ദിയമോളെ കെട്ടിപ്പിടിച്ചു കരഞ്ഞ അമ്മയുടെ മുഖം നാട്ടുകാർ ഇന്നും ഓർക്കുന്നു.

അതിനുശേഷം അവൾക്കെല്ലാം അമ്മയായിരുന്നു. ഒറ്റയ്ക്കു മകളെ വളർത്താൻ കഷ്ട്പ്പെട്ട അവളുടെ അമ്മയുടെ തലയിലേക്ക് കുറേ കടക്കെണികൾ വന്നു പതിച്ചു. കടങ്ങൾ വീട്ടാൻ ഒട്ടും നിവർത്തിയില്ലാതായപ്പോൾ ആയിരിക്കണം അവളുടെ അമ്മ ആത്മഹത്യയ്ക്ക് തുനിഞ്ഞത്. ആ പിഞ്ചുജീവനെ തനിച്ചാക്കി അവളുടെ അമ്മയും പോയി.

അച്ഛൻ എവിടെയാണെന്ന് കണ്ടുപിടിക്കണം എന്ന അവളുടെ ആവശ്യം അംഗീകരക്കാനോ നിഷേധിക്കാനോ സിസ്റ്ററാന്റിക്ക് കഴിയുമായിരുന്നില്ല. സിസ്റ്ററാന്റി അവളെ ചേർത്തുനിർത്തി ആശ്വസിപ്പിച്ചുക്കൊണ്ട് പറഞ്ഞു, മോളെ ഈ ലോകത്ത് ആർക്കും നീ  ഈ നിമിഷം അനുഭവിക്കുന്ന വേദന മനസ്സിലാക്കാൻ സാധിക്കില്ല. കർത്താവ് നിനക്ക് കൂട്ടായുണ്ടായിരിക്കും നിന്റെ വിഷമങ്ങൾ സർവ്വശക്തന് മനസ്സിലാകും. അച്ഛനെ കണ്ടെത്താൻ ശ്രമിക്കാം എന്ന് സിസ്റ്ററാന്റി അവളെ സമാധാനിപ്പിച്ചയച്ചു .

അവൾ മഠത്തിലെ ചാപ്പലിൽ കയറി മുട്ടിലിരുന്ന് കരഞ്ഞു പ്രാർത്ഥിക്കാൻ തുടങ്ങി. എന്തോ ഒരാശ്വാസം അവളുടെ മനസ്സിനനുഭവപ്പെട്ടു. മണിക്കൂറുകളോളം അവൾ ആ ഇരുപ്പിരുന്ന് പ്രാർത്ഥിച്ചു. കരുണയുടെ അദൃശ്യമായ കരങ്ങൾ അവളെ തഴുകുന്നതായി അവൾക്കു തോന്നി.

Anna S John
X C


ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ
സെന്റ് ഫിലോമിനാസ്
ജി. എച്ച്. എസ്. പൂന്തുറ
നന്ദി